# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1629 — 21.03.2012-ൽ മറുപടിയ്ക്ക്

## ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ വാട്ടർഷെഡ് പദ്ധതി

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ: | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും വാട്ടർഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പുതിയ നിർദ്ദേശങ്ങൾ എന്തെങ്കിലും ലഭിച്ചിരുന്നുവോ: വിശദാംശം അറിയിക്കുമോ; | എ) ഇല്ല. |
| ബി) കൊല്ലം ജില്ലയിൽ നിന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ 2011-12 വർഷം എത്ര നിർദ്ദേശങ്ങൾ ലഭിച്ചുവെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കുമോ; ഈ നിർദ്ദേശങ്ങളിൽ ഗവൺമെന്റ് ഏതെങ്കിലും പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ; | ബി) നാല് നിർദ്ദേശങ്ങൾ ലഭിച്ചു.<br>1.മേലില, വെട്ടിക്കവല പഞ്ചായത്തുകൾ ഉൾപ്പെട്ട കോക്കോട് തെങ്ങറ വാട്ടർഷെഡ്<br>2. ഇട്ടിവ, അലയമൺ, ചിതറ പഞ്ചായത്തുകൾ ഉൾപ്പെട്ട മണലുവട്ടം വാട്ടർഷെഡ്<br>3. വിളക്കുടി, തലവൂർ പഞ്ചായത്തുകൾ ഉൾപ്പെട്ട മുതുകുന്ന് വാട്ടർഷെഡ്.<br>4. ഉമ്മന്നൂർ പഞ്ചായത്ത് ഉൾപ്പെട്ട വടക്കോട് വാട്ടർഷെഡ് പദ്ധതി. ഈ നാല് പദ്ധതികൾക്കും തത്വത്തിൽ അംഗീകാരം നൽകി കഴിഞ്ഞു. |
| സി) പുതിയ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പ്രദേശങ്ങൾകൂടി പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | സി) പദ്ധതിയുടെ പ്രയോജനവും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് മാത്രമേ പുതിയ പദ്ധതികൾ പരിഗണിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ